**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5431** **21-07-2022 - ൽ മറുപടിയ്ക്ക്**

**പേവിഷ ബാധ നിർമ്മാർജ്ജനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | പേവിഷ ബാധ നിർമ്മാർജ്ജനത്തിനും തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണത്തിനും വേണ്ടി മൃഗസംരക്ഷണ വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | പേവിഷബാധ നിർമ്മാർജ്ജനത്തിനായി തദ്ദേശ സ്വയംഭരണ വകുപ്പ് സ്ഥാപനങ്ങളും മൃഗസംരക്ഷണ വകുപ്പും സംയുക്തമായാണ് പദ്ധതികൾ നടപ്പിലാക്കി വരുന്നത്. റാബീസ് ഫ്രീ കേരള പദ്ധതി പ്രകാരം, പേവിഷ പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി മൃഗസംരക്ഷണ വകുപ്പ് നായ്ക്കളിൽ പ്രതിരോധ കുത്തിവെയ്പ് നടത്തി വരുന്നു. 2021 വർഷം 1,27,128 പേവിഷ പ്രതിരോധ കുത്തിവെയ്പ് ഇപ്രകാരം നായ്ക്കളിൽ നടത്തിയിട്ടുണ്ട്. ഇതു കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ പദ്ധതി വിഹിതം ഉപയോഗിച്ച് ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തിയും പേവിഷ പ്രതിരോധ കുത്തിവെയ്പുകൾ നടത്തി വരുന്നു. തെരുവുനായ്ക്കളുടെ നിയന്ത്രണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് പദ്ധതി വിഹിതം നീക്കി വയ്ക്കുന്നത്. സംസ്ഥാനത്ത് 2017 മുതൽ തെരുവുനായ നിയന്ത്രണ പദ്ധതി കുടുംബശ്രീ മുഖേനയാണ് നടപ്പിലാക്കിയിരുന്നത്. കുടുംബശ്രീയ്ക്ക് അനിമൽ വെൽഫയർ ബോർഡിന്റെ അംഗീകാരം ഇല്ലാത്തതിനാൽ ഹൈക്കോടതിയിൽ നിലവിലുള്ള WP(C) No. 13204/2021 തീയതി 19/07/2021 ലെ ഇടക്കാല വിധി പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കുടുംബശ്രീ മുഖാന്തിരം ABC പദ്ധതി നടപ്പിലാക്കുന്നത് തടഞ്ഞുകൊണ്ട് ഉത്തരവുണ്ടായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ പുറപ്പെടുവിച്ച 27/12/2021ലെ സ.ഉ.(സാധാ)നം.474/2021/AHD നമ്പർ ഉത്തരവ് പ്രകാരം കുടുംബശ്രീ മുഖേനയുള്ള ABC പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നിർത്തിവയ്ക്കുകയുണ്ടായി. ഇതു കൂടാതെ കൊല്ലം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്, വയനാട് എന്നീ ജില്ലകളിൽ മൃഗസംരക്ഷണ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തുക |

| | | | |
|---|---|---|---|
| | | | വിനിയോഗിച്ച് എബിസി പ്രവർത്തനം നടത്തി വരുന്നു. |
| (ബി) | പേവിഷ ബാധ നിർമ്മാർജ്ജനത്തിന് ബോധവൽക്കരണ ക്യാമ്പുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | പേവിഷബാധ നിർമ്മാർജ്ജനത്തിന് ബോധവത്ക്കരണ ക്യാമ്പുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടത്തി വരുന്നില്ല. എന്നാൽ മൃഗക്ഷേമ പ്രവർത്തനത്തിന്റെ ഭാഗമായി ജില്ലാ തലത്തിൽ എല്ലാ വർഷവും സംഘടിപ്പിക്കുന്ന സെമിനാറുകളിൽ ഈ വിഷയം ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ